**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 351** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംരംഭകത്വ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പ് മുഖേന 24 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഏഴ് ജില്ലകളിൽ ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ 500 ഏക്കർ തരിശ്ശുഭൂമിയിൽ അനുയോജ്യമായ കൃഷി നടപ്പിലാക്കുന്ന **'നമ്മുടെ കൃഷി -നമ്മുടെ ഭക്ഷണം പദ്ധതി.'**<br>2. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ, ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതു ട്രേഡ് മാർക്കോടെ ഇ- കോമേഴ്സ് പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്ന **'ഇ-കോമേഴ്സ് പ്ലാറ്റ് ഫോം പദ്ധതി.'**<br>3. സംസ്ഥാനത്തെ എസ്.സി/ എസ്.റ്റി സഹകരണ സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതിനും, വിപുലീകരിക്കുന്നതിനുമായുള്ള പദ്ധതി.<br>4. കാപ്കോസ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ റൈസ് മില്ല് സ്ഥാപിക്കുന്ന **'കാപ്കോസ് പദ്ധതി '.**<br>5. കുടുംബത്തിന് വിഷമഘട്ടത്തിൽ കരുതൽ ആകുന്ന തരത്തിൽ നിക്ഷേപവുമായി ബന്ധിപ്പിച്ച് സഹായം നൽകുന്ന **'കുടുംബത്തിന് ഒരു കരുതൽ ധനം പദ്ധതി'** ആരംഭിക്കുന്നതാണ്.<br>6. പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി നടപ്പാക്കിയ കെയർ ഹോം |

പദ്ധതിയുടെ രണ്ടാം ഘട്ടമായ **'കെയർ ഹോം 2.0- ഭവന സമുച്ചയ നിർമ്മാണ പദ്ധതി'.**

7. ഗിഗ് /പ്ലാറ്റ് ഫോം വർക്കേഴ്സ് , ഓൺലൈൻ വിപണന ശൃംഖലയിലെ ജീവനക്കാർ , എന്നിവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി എറണാകുളം , തിരുവനന്തപുരം എന്നീ ജില്ലകളിൽ സഹകരണ സംഘം രൂപീകരിക്കുന്ന പദ്ധതി.
8. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരഭകർ , ഓട്ടോറിക്ഷാ തൊഴിലാളികൾ എന്നീ അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ പരമാവധി 20,000/- രൂപ വായ്പയായി നൽകുന്ന **'സഹായഹസ്തം പദ്ധതി.'**
9. വിനോദ സഞ്ചാരികൾക്കും , മറ്റുള്ളവർക്കും ടൂർ ഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ ഭക്ഷണ വിഭവങ്ങൾ ലഭ്യമാക്കുന്നതിനായി മൂന്ന് ആധുനിക കോഫി ഷോപ്പുകൾ ആരംഭിക്കുന്ന പദ്ധതി.
10. വിവിധ ഗവേഷണ സ്ഥാപനങ്ങൾ , എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, മറ്റ് പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ദ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി സയൻസ് & ടെക്നോളജി മാനേജ്മെന്റ് പ്രൊഫഷണൽ സഹകരണ സംഘം (STMPC) രൂപീകരിക്കുന്ന പദ്ധതി.
11. നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും പരിശീലനം ലഭിക്കുന്നതിനായി കോഴ്സ് ഫീ വായ്പയായി നൽകുന്ന **'നൈപുണ്യം പദ്ധതി.'**
12. ഭിന്നശേഷിക്കാരുടെ പുനരധിവാസം , വിദ്യാഭ്യാസ ഉന്നമനം ,സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി .
13. യുവതികൾക്കായി മൂന്ന് ജില്ലകളിൽ മൂന്ന് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി .
14. സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന **' മാലിന്യ മുക്തം - ശുചിത്വം സഹകരണം പദ്ധതി '.**
15. സംഘങ്ങളുടെ കരുതൽ ധനവും, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്

| | | | |
|---|---|---|---|
| | | | സ്റ്റെബിലൈസേഷൻ ഫണ്ടും ഉപയോഗിച്ച് പ്രതിസന്ധിയിലാകുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംഘങ്ങളിലെ നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുമുള്ള **'സഹകരണ സംരക്ഷണ നിധി/ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ പദ്ധതി.'**<br>16. വ്യക്തികളായ അംഗങ്ങൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോട് കൂടി വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതിയായ **'സൗരജ്യോതി പദ്ധതി.'** |
| (ബി) | ഒരു ജില്ലയ്ക്ക് ഒരു വിള പദ്ധതി ആവിഷ്കരിച്ച് തരിശുഭൂമി മാതൃക കൃഷിത്തോട്ടങ്ങളാക്കാൻ സഹകരണ വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സർക്കാരിന്റെ നൂറു ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു തുടർച്ചയായിട്ടാണ് ഇത് നടപ്പിലാക്കുന്നത്.ഒരു ജില്ലയ്ക്ക് ഒരു വിള എന്ന രീതിയിൽ തെരഞ്ഞെടുത്ത 7 ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരം , ആലപ്പുഴ ,ഇടുക്കി ,പാലക്കാട്, മലപ്പുറം ,കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | ഓരോ ജില്ലയിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്.<br><br>യുവാക്കളെ സംരംഭകരാക്കുക എന്ന ലക്ഷ്യത്തോടു കൂടിയും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവ സംരംഭകരെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിൽ വിവിധ സേവന മേഖലകളിലായി 31 യുവജന സഹകരണ സംഘങ്ങളും 14 പട്ടികജാതി /പട്ടിക വർഗ്ഗ യുവ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക ,മാന്യമായ തൊഴിൽ ,സ്ഥിര വരുമാനം ,യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുക , അതിലൂടെ യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനം ഉറപ്പാക്കുക |

തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

കൂടുതൽ ഉദ്പാതന യൂണിറ്റുകൾ ആരംഭിച്ച് തൊഴിൽ സൃഷ്ടിക്കുന്നതിനായി പാലക്കാട്, കോട്ടയം ജില്ലകളിൽ രണ്ട് പാഡി പ്രോസസിംഗ് യൂണിറ്റുകളുടെ പണി പുരോഗതിയിലാണ്ക്കുകയാണ്.

വനിത സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ വകുപ്പുമായി സഹകരിച്ച ഉദ്പാതന യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

ഓരോ ജില്ലയിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഇടത്തരം ചെറുകിട , സൂക്ഷ്മ സംരംഭങ്ങൾക്കായി വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കേരള ബാങ്ക് മുഖേന അനുവദിക്കുന്നുണ്ട്.അവ ചുവടെ ചേർക്കുന്നു.

- കെ.ബി .മിത്ര – പരമാവധി 60 ലക്ഷം രൂപ വരെ വ്യക്തികൾക്കും 1.00 കോടി രൂപ വരെ കമ്പനികൾക്കും 84 മാസ കാലയളവിൽ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്.
- കെ.ബി.സുവിധ –പരമാവധി 20 ലക്ഷം രൂപ വരെ വ്യക്തികൾക്ക് 10 % പലിശ നിരക്കിൽ 10 വർഷ കാലയളവിൽ അനുവദിക്കുന്നു.
- കെ.ബി.യുവ മിത്ര- 35 വയസ്സിൽ താഴെയുള്ള വ്യക്തികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 60 ലക്ഷം രൂപ വരെ 8.75% പലിശ നിരക്കിൽ അനുവദിക്കുന്നു.
- ജി.എസ്.റ്റി മിത്ര –പരമാവധി 60 ലക്ഷം രൂപ വരെ വ്യക്തികൾക്കും 1.00 കോടി രൂപ വരെ കമ്പനികൾക്കും 84 മാസ കാലയളവിൽ 9% പലിശ നിരക്കിൽ അനുവദിക്കുന്നു.
- കെ.ബി.സുവിധ പ്ലസ് –ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപ വരെ 60 മാസക്കാലയളവിൽ 9 % പലിശ നിരക്കിൽ അനുവദിക്കുന്നു.
- കെ.ബി പ്രവാസി കിരൺ - നോർക്കാ റൂട്ട്സുമായി സഹകരിച്ചു കൊണ്ട് മടങ്ങിയെത്തിയ പ്രവാസികളുടെ ബിസിനസ്സ് ആവശ്യങ്ങൾക്കായി പരമാവധി 24 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്.ആദ്യ നാലു വർഷം പലിശയിനത്തിൽ 3 % സബ്സിഡിയും പരമാവധി 3 ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിയും അർഹതയുണ്ട്.

| | | | | |
|---|---|---|---|---|
| | | | | • കെ.ബി.പ്രവാസി ഭദ്രത:-പ്രവാസികളുടെ പുനരുജ്ജീവനത്തിനായി ലഘു ജാമ്യ വ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപ വരെ 8.75 % പലിശ നിരക്കിൽ അനുവദിക്കുന്നു.ആദ്യ നാലു വർഷം പലിശയിനത്തിൽ 3% സബ്സിഡിയും പരമാവധി ഒരു ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിയും അർഹതയുണ്ട്.<br>• സർക്കാരിന്റെ 1 ലക്ഷം MSME പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കെ.ബി സ്മാർട്ട് വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.ടി പദ്ധതി പ്രകാരം സേവന /വ്യാപാര മേഖലയിൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുകൾക്കും ഉത്പാദക മേഖലയിൽ പരമാവധി 25 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുകൾക്കും വായ്പ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ